28 (*264) പുസ്തക പ്രസാധന-വിതരണത്തിന് ധനസഹായം

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ സാഹിത്യകാരൻമാർക്ക് പുസ്തക പ്രസാധന-വിതരണത്തിന് ധനസഹായം നൽകുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിക്ക് പ്രായപരിധി ഏർപ്പെടുത്താതെ സാഹിത്യരംഗത്തെ മേന്മയ്ക്ക് മുൻതൂക്കം നൽകി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുസ്തക പ്രസാധനത്തിന് സാംസ്കാരിക വകുപ്പ് നാളിതുവരെ എത്രരൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഉത്തമ പഠന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഗ്രന്ഥകാരന്മാർക്ക് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് പരമാവധി പതിനായിരം രൂപവരെ നൽകുന്നു. ഇത് തൊഴിൽരഹിതരെന്നോ തൊഴിൽ ഉള്ളവരെന്നോ നോക്കാതെയാണ് നൽകുന്നത്.

(സി) ധനസഹായം നൽകുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. ഗ്രന്ഥത്തിന്റെ മേന്മ കണക്കിലെടുത്തിട്ടാണ് ധനസഹായമനുവദിക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുസ്തക പ്രസാധനത്തിന് സാംസ്കാരിക വകുപ്പ് സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പുമുഖേനയും വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ മുഖേനയും നാളിതുവരെ 5,32,70,773/- രൂപ (അഞ്ചുറ്റി മുപ്പത്തി രണ്ടു ലക്ഷത്തി എഴുപതിനായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന് രൂപാ) ചെലവഴിച്ചിട്ടുണ്ട്.

29 (*265) പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി, പ്രീ ഡിഗ്രി ഡിഗ്രി തുടങ്ങിയ പരീക്ഷകളിലും പ്രവേശനപരീക്ഷാ നടത്തിപ്പിലും ഉണ്ടായിട്ടുള്ള അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞവർഷത്തെ എസ്.എസ്.എൽ.സി. റാങ്ക് നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിച്ചതെങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ വീണ്ടും വാല്യൂവേഷൻ നടത്തിയപ്പോൾ പുതിയതായി എത്ര പേർക്ക് പ്രവേശനം ലഭിച്ചു; എത്രപേർക്ക് പ്രവേശനം നഷ്ടപ്പെട്ടു;

(ഡി) പരീക്ഷ നടത്തിപ്പിനെ സംബന്ധിച്ചുണ്ടായ പരാതികൾക്ക് ഉത്തരവാദികളായ എത്രപേർക്ക് എതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) :

(എ) എസ്.എസ്.എൽ.സി, പ്രീഡിഗ്രി. ഡിഗ്രി എന്നീ പരീക്ഷകളിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി ശുപാർശകൾ സമർപ്പിക്കുകയും അവ നടപ്പിലാക്കുന്നതിനായി ജി.(എം.എസ്)153/99/ഉ.വി.വ. നമ്പരായി 22.11.99-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞവർഷത്തെ എസ്.എസ്.എൽ.സി. റാങ്ക് നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടില്ല. എന്നാൽ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷ ലഭിച്ചതിൻപ്രകാരം ഒരു കുട്ടിയുടെ ഉത്തരപേപ്പർ പുനർനിർണ്ണയം നടത്തിയപ്പോൾ കൂടുതൽ മാർക്കിന് അർഹത നേടുകയും അതുകൂടി കൂട്ടിയപ്പോൾ അഞ്ചാം റാങ്കിന് ലഭിച്ചത്രയും മാർക്ക് കിട്ടുകയുമാണുണ്ടായത്.

(സി) ഒന്നാമത് പ്രസിദ്ധീകരിച്ചിരുന്ന റാങ്ക്ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി പ്രവേശന നടപടികൾ ആരംഭിച്ചപ്പോൾ തന്നെ റാങ്കുകൾ പുനഃക്രമീകരണം നടത്തേണ്ടിവന്നതിനാൽ പുനഃക്രമീകരണത്തിലൂടെ എത്രപേർക്ക് പ്രവേശനം നഷ്ടമായെന്നോ പുതുതായി എത്രപേർക്ക് പ്രവേശനം ലഭിച്ചെന്നോ വ്യക്തമാക്കാൻ കഴിയുന്നില്ല. ഏതായാലും പുനഃക്രമീകരണത്തിന്റെ ഫലമായി ഏതെങ്കിലും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്തവരായി ആരും തന്നെ ഇല്ല. എന്നാൽ ചിലർക്ക് കോഴ്സുകളിൽ മാറ്റം വന്നിട്ടുണ്ട്.

(ഡി) ചോദ്യപേപ്പറിൽ തെറ്റുകളുണ്ടായതിന് ഉത്തരവാദികളായവരെ മേലിൽ ഇത്തരം ജോലികൾ ഏൽപ്പിക്കുന്നതിൽ നിന്നൊഴിവാക്കുന്നതാണ്.

30 (*266) പൗരാണിക സാംസ്കാരിക സ്ഥാപനങ്ങളുടെ തനിമ നിലനിറുത്താൻ നടപടി

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> :
<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> :
<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൗരാണികമായ സാംസ്കാരിക സ്ഥാപനങ്ങളുടെ തനിമ നിലനിർത്തുന്നതിനും അവ സംരക്ഷിക്കുന്നതിനും സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly